(സി) പദ്ധതി പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് പരിശീലനം നൽകിയവരുടെ വർഷം, ജില്ല തിരിച്ചുള്ള എണ്ണം അൻബന്ധം II ആയി ചേർക്കുന്നു.*

കർഷക തൊഴിലാളി പെൻഷൻ

190 (4993) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക തൊഴിലാളി പെൻഷനുള്ള വാർഷിക വരുമാന പരിധി നിലവിലെ 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് കർഷക തൊഴിലാളി യൂണിയൻ നൽകിയ ഉറപ്പ് പാലിക്കാൻ ഇതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ ?

(ബി) നിലവിലുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനാൽ അംഗങ്ങൾക്കുള്ള ആനുകൂല്യ വിതരണം മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) 2014 -15 വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ എത്ര രൂപ നല്കാനുണ്ടെന്നും മുൻ വർഷത്തെയും ഈ വർഷത്തെയും മാച്ചിംഗ് ഗ്രാന്റ് നൽകാനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2014 ഡിസംബർ വരെയുള്ള കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള പെൻഷൻ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. 2015 ഏപ്രിൽ മാസത്തെ കർഷക തൊഴിലാളി പെൻഷൻ ഡി.ബി.റ്റി. സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബോർഡ് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയവും ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കണമെന്ന ബോർഡിന്റെ ശിപാർശയും സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2014-15 വർഷത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റിനത്തിൽ 5,19,61,637 രൂപ നൽകുവാനുള്ളതിൽ, 2014-15 വർഷത്തെ ബഡ്ജറ്റിൽ 'സംഭാവന' ഇനത്തിൽ (അംശദാനം) വകയിരുത്തിയിരുന്ന 76,17,000 രൂപ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 83,79,000 രൂപ ബോർഡിന് 'സംഭാവന' (അംശദാനം) ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ എസ്റ്റേറ്റ് പാടികൾ വാസയോഗ്യമാക്കൽ

191 (4994) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ തോട്ടം മേഖലയിലെ എസ്റ്റേറ്റ് പാടികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി പ്രസ്തുത പാടികളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അവ വാസയോഗ്യമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാടികൾ വാസയോഗ്യമാക്കുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിലെ തോട്ടങ്ങൾ കൽപ്പറ്റ, മാനന്തവാടി പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർ പരിശോധന നടത്തി. കൽപ്പറ്റ പ്ലാന്റേഷൻസ് ഇൻസ്പെക്ടറുടെ അധികാര പരിധിയിലുള്ള ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അരപ്പറ്റ എസ്റ്റേറ്റിലെ എൻ.സി., നെടുങ്കരണ എന്നീ ഡിവിഷനുകളിലെ പാടികൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്നും ആയതിനാൽ അവ ഉടൻ റിപ്പയർ ചെയ്യാൻ തൊഴിലുടമകൾക്ക് പരിശോധന ഉത്തരവ് നൽകുകയും, ടി എസ്റ്റേറ്റിലെ ടി ഡിവിഷനുകൾ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുവെന്ന് കൽപ്പറ്റ പ്ലാന്റേഷൻസ് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. മറ്റ് എസ്റ്റേറ്റുകളിൽ ഉടൻ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly